TB Movie Panel Weekly Movie Review

**#moviepanel**

ഡയറി(2012)
Must Watch Movie
OTT : Aha

"നേരത്തെ നമ്മാൽ നിർത്ത മുടിയത്, ആനാൽ അന്ത നേരം നമ്മളെ എങ്ക വേണാലും കൊണ്ട് നിർത്ത മുടിയും"

ഒരുപാട് നാളുകൾക്കു ശേഷം കൊറിയൻ പടങ്ങളോട് കിട പിടിക്കുന്ന രീതിയിൽ ത്രില്ലടിപ്പിക്കുന്ന ഒരു കിടിലൻ സിനിമ കൂടി തമിഴിൽ പിറന്നു, 'ഡയറി'. താൻ അഭിനയിക്കുന്ന ഏതു പടം ആയാലും അതിൽ എന്തെങ്കിലും പുതിയത് ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്ന നടനാണ് അരുൾ നിധി എന്ന് തോന്നുന്നു. ഡെമോനേറ്റ് കോളനി, ഇരവുക്ക് ആയിരം കൺകൾ, D ബ്ലോക്ക്, ദേജാവു തുടങ്ങി ഏകദേശം എല്ലാം സിനിമയിലും നമുക്ക് അതു അനുഭവപ്പെടുന്നതാണ്.ആദ്യ സിനിമയിൽ തന്നെ സംവിധായകൻ എന്ന രീതിയിലും എഴുത്തുകാരൻ എന്ന രീതിയിലും തന്റെ കഴിവ് തെളിയിക്കാൻ ഇന്നസി പണ്ട്യനു കഴിഞ്ഞിട്ടുണ്ട്.കഥയിലെ കുറവുകൾ ഒന്നും ചിന്തിക്കാൻ സമയം കൊടുക്കാത്ത രീതിയിൽ പ്രേക്ഷനെ പിടിച്ചിരുത്തുന്ന സംവിധാനം തന്നെയാണ് ഈ സിനിമയുടെ ഹൈലൈറ്റ്.

പുതിയതായി ട്രെയിനിങ് പൂർത്തിയാക്കിയ SI ബാച്ചിന്, കമാൻഡർ ഒരു task കൊടുത്തു.. വർഷങ്ങളായി അന്വേഷണം നടന്ന് തുമ്പില്ലാതെ തള്ളിയ സംസ്ഥാനത്തെ ആയിരക്കണക്കിന് കേസുകളിൽ നിന്ന് ഏതെങ്കിലും ഒന്ന് എടുത്ത് ഓരോരുത്തരും solve ചെയ്യാൻ ശ്രമിക്കുക. നായക കഥാപാത്രമായ വരധന് ലഭിച്ചത് 16 വർഷം മുൻപ് ഊട്ടിയിൽ നടന്ന ഒരു കൊലപാതക കേസ് ആയിരുന്നു. കേസന്വേഷണവും പ്രണയവും ഒക്കെയായി സാധാരണ ഒരു കുറ്റന്വേഷണ സിനിമ എന്ന രീതിയിൽ മുന്നോട്ടു പോകുന്ന ചിത്രം നമ്മളെ ഞെട്ടിച്ചു കൊണ്ടാണ് ആദ്യ പകുതി അവസാനിപ്പിക്കുന്നത്. എന്നാൽ രണ്ടാം പകുതിയിൽ അതിലും ത്രസിപ്പിക്കുന്ന രംഗങ്ങൾ കാത്തിരിപ്പുണ്ടായിരുന്നു. സാധാരണ ത്രില്ലർ സിനിമകൾക്ക് അപ്പുറം രണ്ടു തുള്ളി കണ്ണീർ കൂടി നിങ്ങൾക്ക് ഈ സിനിമ കാണാൻ ബലി കൊടുക്കേണ്ടി വന്നേക്കാം.